കായംകുളം അസംബ്ലി മണ്ഡലത്തിലെ കൃഷി വകുപ്പിന്റെ പ്രവൃത്തികൾ

156 (3129) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം അസംബ്ലി മണ്ഡലത്തിൽ കൃഷി വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

ഈ സർക്കാരിന്റെ കാലയളവിൽ കായംകുളം അസംബ്ലി മണ്ഡലത്തിൽ 18 പദ്ധതികളിലായി 189.64637 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി :

	പദ്ധതികൾ	ചെലവഴിച്ച തുക (ലക്ഷം രൂപയിൽ)
	(1)	(2)
1	സമഗ്ര നെൽകൃഷി വികസനം	68.9565
2	ഫാമുകളുടെ വികസനം	0.9
3	കാർഷിക വിജ്ഞാന വ്യാപനം	2.09684
4	അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം	9.45
5	ലാബുകളുടെ വികസനം	0.05
6	മണ്ണ് പരിപോഷണ പദ്ധതി	1.7
7	സുഗന്ധവിള വികസനം - കരുമുളക്	0.7
8	ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്	1.77
9	പച്ചക്കറി കൃഷി വ്യാപനം	23.15
10	നാളികേര വികസന ബോർഡ് തെങ്ങിൻ തോട്ടങ്ങളുടെ പരിപാലനം	13.12458

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)
11	ബയോഗ്യാസ് വികസന പദ്ധതി	0.291
12	സംയോജിത മാതൃകാ കൃഷിത്തോട്ടം	6.754
13	കർഷക പെൻഷൻ	31.982
14	സൗജന്യ വൈദ്യുതി	2.9276
15	പ്രകൃതിക്ഷോഭ ദുരിതാശ്വാസം	0.077
16	ആർ.കെ.വി.വൈ	6.04625
17	13-ാം ധനകാര്യ കമ്മീഷൻ	3.395
18	ജനകീയാസൂത്രണം	16.2756
	ആകെ	189.64637

കാർഷിക മേഖലയിൽ പുനലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

157 (3130) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ ബ്ലോക്കിൽ ഏതെല്ലാം പദ്ധതികളാണ് ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക മേഖലയിൽ പുനലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ കൃഷി ഭവൻ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; ആയതിന്റെ വിശദാംശങ്ങളുടെ പകർപ്പ് നൽകുമോ ?

ഉത്തരം

(എ) കൃഷി വകുപ്പ് :

2013-14 വർഷത്തിൽ സുസ്ഥിര നെൽകൃഷി പദ്ധതി, കേര കൃഷി പദ്ധതി, കൃഷി ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികളിലായി 10.81200 ലക്ഷം രൂപ അഞ്ചൽ ബ്ലോക്കിൽ ചെലവഴിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly